## I. യോഹന്നാൻ അധ്യായം 1 യോഹന്നാന്റെ മുഴുവൻ സുവിശേഷത്തിന്റെ ആമുഖമാണ്, ഈ ആമുഖത്തിന്റെ പ്രധാന ഊന്നൽ ക്രിസ്തു ദൈവത്തിന്റെ വചനം—മാർമികനും അദൃശ്യനുമായ ദൈവത്തിന്റെ നിർവചനവും, വിശദീകരണവും, ആവിഷ്കാരവും—ആകുന്നു എന്നാണ്

- നിത്യതയുടെ രണ്ട് ഭാഗങ്ങളോടും സമയത്തിന്റെ പാലത്തോടുംകൂടെ, പ്രപഞ്ചത്തിന്റെ ചരിത്രത്തിലെ മഹത്തായ അഞ്ച് സംഭവങ്ങളിൽ യോഹന്നാൻ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു: (1) സൃഷ്ടിപ്പിലെ സ്രഷ്ടാവും, (2) ജഡാവതാരത്തിൽ നമ്മുടെ ഇടയിൽ വസിച്ച മനുഷ്യനും, (3) വീണ്ടെടുപ്പിലുള്ള കുഞ്ഞാടും, (4) രൂപാന്തരത്തിലുള്ള അഭിഷേകം ചെയ്യുന്ന ആത്മാവും, (5) ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി ഭൂമിയെ സ്വർഗത്തിലേക്ക് യോജിപ്പിക്കുന്ന ഗോവണിയും.

  [John 1:1] ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.
  [John 1:51] ..സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രനുമേൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും എന്നു പറഞ്ഞു..

## II. ദൈവത്തിന്റെ വചനമായ ക്രിസ്തു തന്റെ സൃഷ്ടിയിലൂടെ ദൈവത്തിനുവേണ്ടി സംസാരിക്കുന്നു

- സങ്കീ. 19:1-3—"ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു.... ഭാഷണമില്ല, വാക്കുകളില്ല; ശബ്ദം കേൾപ്പാനുമില്ല". റോമ. 1:20—"അവർ ഒഴികഴിവില്ലാത്തവർ ആകേണ്ടതിന് അവന്റെ അദൃശ്യ കാര്യങ്ങളായ, അവന്റെ നിത്യ ശക്തിയും ദിവ്യ സവിശേഷതയും, ലോകസൃഷ്ടി മുതൽ, ഉണ്ടാക്കിയ കാര്യങ്ങളാൽ ഗ്രഹിച്ചുകൊണ്ട്, വ്യക്തമായി കാണപ്പെട്ടിരിക്കുന്നു".

  [John 1:3] സകലവും അവനിലൂടെ ഉളവായി, ഉളവായിരിക്കുന്നത് ഒന്നും അവനിൽനിന്ന് വേറിട്ട് ഉളവായതല്ല.
  [Rom. 1:20] അവർ ഒഴികഴിവില്ലാത്തവർ ആകേണ്ടതിന് അവന്റെ അദൃശ്യ കാര്യങ്ങളായ, അവന്റെ നിത്യ ശക്തിയും ദിവ്യ സവിശേഷതയും, ലോകസൃഷ്ടി മുതൽ, ഉണ്ടാക്കിയ കാര്യങ്ങളാൽ ഗ്രഹിച്ചുകൊണ്ട്, വ്യക്തമായി കാണപ്പെട്ടിരിക്കുന്നു.

## III. ദൈവത്തിന്റെ വചനമായ ക്രിസ്തു ദൈവത്തിന്റെ കൂടാരമെന്ന നിലയിൽ ജഡാവതാരത്തിലൂടെ ദൈവത്തിനുവേണ്ടി സംസാരിക്കുന്നു

- വചനം ജഡാവതാരം ചെയ്തതിലൂടെ ദൈവത്തെ മനുഷ്യവർഗത്തിലേക്ക് കൊണ്ടുവരിക മാത്രമല്ല, ദൈവത്തെ ബന്ധപ്പെടുവാനും, സ്പർശിക്കുവാനും, സ്വീകരിക്കുവാനും, അനുഭവമാക്കുവാനും, പ്രവേശിക്കുവാനും, ആസ്വദിക്കുവാനും കഴിയുന്നവനാക്കിക്കൊണ്ട്, ത്രിയേക ദൈവത്തിന്റെ ദേഹരൂപമായിത്തീർന്നു. വചനം ജഡാവതാരം ചെയ്തതിലൂടെ ദൈവത്തെ മനുഷ്യവർഗത്തിലേക്ക് കൊണ്ടുവരിക മാത്രമല്ല, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി മനുഷ്യരുടെ ഇടയിൽ ഭൂമിയിലുള്ള ദൈവത്തിന്റെ വാസസ്ഥലമായി ദൈവത്തിന് ഒരു കൂടാരമായിത്തീരുകയും ചെയ്തു: ① ആവിഷ്കരിക്കപ്പെടുകയും, വിശദമാക്കപ്പെടുകയും, നിർവചിക്കപ്പെടുകയും ചെയ്ത ദൈവമാണ് വചനം; അങ്ങനെ മനുഷ്യൻ ദൈവത്തെ മനസ്സിലാക്കുന്നു ; ② പകരപ്പെട്ട ദൈവമാണ് ജീവൻ, അങ്ങനെ മനുഷ്യൻ ദൈവത്തെ സ്വീകരിക്കുന്നു; ③ പ്രകാശിക്കുന്ന ദൈവമാണ് വെളിച്ചം, അങ്ങനെ ദൈവത്തിൽ പങ്കുചേരുവാൻ മനുഷ്യൻ പ്രകാശിപ്പിക്കപ്പെടുന്നു; ④ മനുഷ്യനാൽ ആസ്വദിക്കപ്പെടുന്ന ദൈവമാണ് കൃപ, അങ്ങനെ മനുഷ്യൻ ദൈവത്തിന്റെ ധനത്തിൽ പങ്കുകൊള്ളുന്നു; ⑤ മനുഷ്യനാൽ സാക്ഷാൽക്കരിക്കപ്പെടുന്ന ദൈവമാണ് യാഥാർഥ്യം, അങ്ങനെ മനുഷ്യൻ ദൈവത്തെ ഗ്രഹിക്കുകയും അറിയുകയും ചെയ്യുന്നു.

  [John 1:14] വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).
  [John 1:16] അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു.
  [John 1:18] ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; പിതാവിന്റെ മാറിലിരിക്കുന്ന ഏകജാതനായ പുത്രൻ, അവനെ പ്രഖ്യാപിച്ചിരിക്കുന്നു.

## IV. വീണ്ടെടുപ്പിനുവേണ്ടി ദൈവത്തിന്റെ കുഞ്ഞാടായിത്തീർന്നതിലൂടെ ദൈവവചനമായ ക്രിസ്തു ദൈവത്തിനു വേണ്ടി സംസാരിക്കുന്നു

- നഷ്ടപ്പെട്ടുപോയ ലോകത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി അവൻ കുഞ്ഞാടായിത്തീർന്നതിലൂടെ, തന്റെ നീതിക്കൊത്തവണ്ണമുള്ള നടപടിക്രമമായ തന്റെ മരണത്തിലൂടെ തന്റെ വീണ്ടെടുപ്പ് ദൈവം നൈതികമായി എങ്ങനെ നിവർത്തിച്ചുവെന്ന് ക്രിസ്തു നമ്മോട് സംസാരിക്കുന്നു. ദൈവത്തിന്റെ പൂർണ്ണ വീണ്ടെടുപ്പ് നിവർത്തിക്കുന്നതിനുള്ള എല്ലാ പഴയനിയമ യാഗങ്ങളുടെയും നിറവേറലെന്ന നിലയിൽ ദൈവത്തിന്റെ കുഞ്ഞാട് ജഡത്തിലുള്ള വചനത്തെ സൂചിപ്പിക്കുന്നു.

  [John 1:29] ..ഇതാ, ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്!.
  [Heb. 10:9] "ഇതാ, നിന്റെ ഹിതം ചെയ്യുവാൻ ഞാൻ വന്നിരിക്കുന്നു" എന്ന് അവൻ പറഞ്ഞു. രണ്ടാമത്തേത് സ്ഥാപിക്കേണ്ടതിന് അവൻ ആദ്യത്തേത് എടുത്തുമാറ്റുന്നു.

**V. പുതിയനിയമത്തിനായുള്ള ദൈവത്തിന്റെ ഭവനത്തിന്റെ ജൈവികമായ കെട്ടുപണിക്കുവേണ്ടി ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട ജനത്തെ കല്ലുകളായി രൂപാന്തരപ്പെടുത്തുന്നതിന് അഭിഷേകം ചെയ്യുന്ന ആത്മാവായിത്തീരുന്നതിലൂടെ, ദൈവത്തിന്റെ വചനമായ ക്രിസ്തു ദൈവത്തിനുവേണ്ടി സംസാരിക്കുന്നു**

- അവൻ അഭിഷേകം ചെയ്യുന്നവനും, ജീവൻ-നൽകുന്നവനും, രൂപാന്തരപ്പെടുത്തുന്നവനുമായ ആത്മാവായിത്തീരുന്നതിലൂടെ, തന്റെ ഹൃദയാഗ്രഹമനുസരിച്ചുള്ള തന്റെ ദിവ്യോദ്ദേശ്യത്തിനുവേണ്ടി ദൈവം തന്റെ വ്യവസ്ഥ ജൈവികമായി എങ്ങനെ നിർവഹിക്കുന്നുവെന്ന്, ക്രിസ്തു കൂടുതലായി നമ്മോട് സംസാരിക്കുന്നു. നമ്മുടെ ആത്മാവിലുള്ള അഭിഷേകം ചെയ്യുന്ന ആത്മാവായ ക്രിസ്തുവിനു പകരമായി നമ്മുടെ ദൈനംദിന ജീവിതത്തിൽ മറ്റൊന്നിനെയും അനുവദിക്കാതിരിക്കുവാൻ നാം ജാഗരൂകരായിരിക്കണം (നമ്മുടെ സ്വന്തം പെരുമാറ്റത്തിന്റെയും സ്വഭാവത്തിന്റെയുമായ എന്തെങ്കിലുംകൊണ്ട് നാം ക്രിസ്തുവിനെ പകരംവയ്ക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ പകരംവയ്ക്കുന്ന ചില കാര്യങ്ങൾ അനുവദിക്കുന്നു എന്ന അർഥത്തിൽ നാം എതിർക്രിസ്തുവിന്റെ തത്ത്വം അനുഷ്ഠിക്കുന്നു). ആന്തരിക അഭിഷേകമായ ക്രിസ്തുവിനെ പകരംവയ്ക്കുവാൻ സംസ്കാരം, മതം, ധാർമ്മികത, സ്വാഭാവിക ധാരണകൾ എന്നിവയെ അനുവദിച്ചുകൊണ്ട് എതിർക്രിസ്തുവിന്റെ തത്ത്വത്തിൽ ഒരു ദൈനംദിന ജീവിതം നയിച്ചതിനായി നാം മാനസാന്തരപ്പെടേണ്ടതാവശ്യമാണ്. അഭിഷേചിക്കുന്ന ആത്മാവെന്ന നിലയിൽ പ്രാവ് സൃഷ്ടിക്കപ്പെട്ട മനുഷ്യനെ വീണ്ടുംജനിപ്പിക്കുകയും, സ്വാഭാവിക മനുഷ്യനെ ജീവനുള്ള കല്ലുകളായി അഭിഷേകം ചെയ്യുകയും രൂപാന്തരപ്പെടുത്തുകയും, രൂപാന്തരപ്പെട്ട മനുഷ്യനുമായി ഐക്യപ്പെടുകയും ചെയ്യുന്നു.

  [John 1:42] ..അവനെ നോക്കിയിട്ട് യേശു, നീ യോഹന്നാന്റെ പുത്രനായ ശിമോൻ ആകുന്നു; നീ കേഫാ (അത് പത്രൊസ് എന്നു വ്യാഖ്യാനിക്കപ്പെടുന്നു) എന്നു വിളിക്കപ്പെടും എന്നു പറഞ്ഞു.

  [1 John 2:27] നിങ്ങൾക്കോ, അവനിൽനിന്നു പ്രാപിച്ച അഭിഷേചനം നിങ്ങളിൽ വസിക്കുന്നു, ആരും നിങ്ങളെ ഉപദേശിക്കേണ്ട ആവശ്യവുമില്ല; എന്നാൽ അവന്റെ അഭിഷേചനം സകല കാര്യങ്ങളെയും കുറിച്ച് നിങ്ങളെ ഉപദേശിക്കുന്നതുപോലെ, അതു കളവല്ല സത്യം ആകുന്നു, അതു നിങ്ങളെ ഉപദേശിച്ചതു പോലെ അവനിൽ വസിക്കുവിൻ.

**VI. സ്വർഗത്തെ (ദൈവത്തെ) ഭൂമിയിലേക്ക് (മനുഷ്യനിലേക്ക്) കൊണ്ടുവരാനും ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി ഭൂമിയെ (മനുഷ്യനെ) സ്വർഗത്തോട് (ദൈവത്തോട്) ഒന്നായി യോജിപ്പിക്കുവാനും ഗോവണിയായിത്തീർന്ന ക്രിസ്തു ദൈവത്തിന്റെ വചനമെന്ന നിലയിൽ ദൈവത്തിനുവേണ്ടി സംസാരിക്കുന്നു**

- സ്വർഗത്തെ ഭൂമിയിലേക്ക് കൊണ്ടുവന്നും, ഭൂമിയെ സ്വർഗത്തോട് യോജിപ്പിച്ചും, രണ്ടിനെയും നിത്യതയോളം ഒന്നാക്കുവാൻ കഴിയത്തക്കവണ്ണം, തന്റെ വീണ്ടെടുക്കപ്പെട്ടവരും രൂപാന്തരപ്പെട്ടവരുമായ തിരഞ്ഞെടുക്കപ്പെട്ടവരെക്കൊണ്ട് സംരചിച്ച ഒരു ഭവനം ഭൂമിയിൽ ഉണ്ടായിരിക്കുവാൻ ദൈവം എത്രമാത്രം ആഗ്രഹിക്കുന്നുവെന്ന്, ബെഥേലിലെ സ്വർഗീയ ഗോവണി ആയിരിക്കുന്നതിലൂടെയും ക്രിസ്തു സംസാരിക്കുന്നു. യാക്കോബിന്റെ സ്വപ്നം ക്രിസ്തുവിനെക്കുറിച്ചുള്ള ഒരു വെളിപാടാണ്, കാരണം ദൈവഭവനമായ ബെഥേലിൽവച്ച് യാക്കോബ് കണ്ട ഗോവണിയുടെ യാഥാർഥ്യമാണ് ക്രിസ്തു. സ്വർഗത്തിന്റെ കവാടമായ, ദൈവത്തിന്റെ വാസസ്ഥലമായ, ദൈവത്തിന്റെ ഭവനമായ ബെഥേലിൽ, ഭൂമിയെ സ്വർഗത്തോട് യോജിപ്പിക്കുകയും സ്വർഗത്തെ ഭൂമിയിലേക്ക് കൊണ്ടുവരുകയും ചെയ്യുന്ന ഗോവണിയാണ് ക്രിസ്തു; തന്മൂലം, നമ്മുടെ ആത്മാവിലേക്ക് നാം തിരിയുമ്പോഴെല്ലാം, ദൈവത്തെ നമ്മിലേക്കും നമ്മെ ദൈവത്തിലേക്കും കൊണ്ടുവരുന്ന ഒരു ഗോവണിയായി നാം ക്രിസ്തുവിനെ അനുഭവിക്കുന്നു. സ്വർഗീയ ഗോവണിയെന്ന നിലയിൽ ക്രിസ്തുവിന്റെ ഫലം ദൈവത്തിന്റെ കെട്ടിടമാണ്—ക്രിസ്തുവിന്റെ ശരീരമായ സഭ എന്ന ബെഥേൽ; ഈ ഗോവണിയുടെ പരിണതി പുതിയ യെരൂശലേമാണ്. "കർത്താവിന്റെ മടങ്ങിവരവിന് അവന്റെ അന്വേഷകരുടെ ഉറപ്പുള്ള ഒരു കെട്ടിടം ആവശ്യമാണ്. ഈ കെട്ടിടം അവന് ഭൂമിയെ നേടുവാനുള്ള ഒരു ചവിട്ടുപടി, ഒരു സുരക്ഷിതതീരം, ആയിരിക്കുകയും, ദൈവത്തിനും മനുഷ്യനുമുള്ള ഒരു പരസ്പര വാസസ്ഥലമായിരിക്കുകയും ചെയ്യും. അത് മനുഷ്യത്വവുമായുള്ള ദിവ്യത്വത്തിന്റെയും ദിവ്യത്വവുമായുള്ള മനുഷ്യത്വത്തിന്റെയും എന്നേക്കുമുള്ള ഇഴുകിച്ചേരലായിരിക്കും....ഈ കെട്ടിടം യാക്കോബിന്റെ സ്വപ്നത്തിന്റെ മാത്രമല്ല, ദൈവത്തിന്റെ നിത്യ പദ്ധതിയുടെയും ആത്യന്തിക നിറവേറലായിരിക്കും. അത് സമയമെന്ന പാലത്തെ അവസാനിപ്പിക്കുകയും ഭാവിയിലെ അനുഗൃഹീതമായ നിത്യതയെ ആനയിക്കുകയും ചെയ്യും. നാം ആ കെട്ടിടത്തിനുവേണ്ടി ആയിരിക്കുകയും, നാം ആ കെട്ടിടമായിരിക്കുകയും വേണം!"

  [Gen. 28:12] അവൻ ഒരു സ്വപ്നം കണ്ടു: ഇതാ, ഭൂമിയിൽ വച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽ കൂടി കയറുകയും ഇറങ്ങുകയുമായിരുന്നു.